**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 168** **23-01-2025 - ൽ മറുപടിയ്ക്ക്**

**മെഡിക്കൽ റീഇമ്പേഴ്സ്മെന്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ആരോഗ്യ വകുപ്പിൽ സർക്കാർ ജീവനക്കാരുടെയും ആശ്രിതരുടേയും മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് ഫയലുകൾ വർഷങ്ങളായി തീർപ്പാകാതെ കെട്ടിക്കിടക്കുന്നകാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കാലപ്പഴക്കംചെന്ന ടി ഫയലുകൾ അദാലത്ത് ഉൾപ്പെടെയുള്ള മാർഗ്ഗങ്ങൾ സ്വീകരിച്ച് തീർപ്പാക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ; | (എ) | മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് അപേക്ഷകളിൽ പ്രത്യേകാനുമതി / 1960 ലെ KGSMA ചട്ടങ്ങൾ പ്രകാരമുള്ള സ്പഷ്ടീകരണം എന്നിവ ആവശ്യമുള്ള ഫയലുകൾ സർക്കാരിലെ വിവിധ ഭരണ വകുപ്പുകൾ ആരോഗ്യ വകുപ്പിന്റെ പരിഗണനക്കായി അയച്ചു നൽകുന്നുണ്ട്. ഇത്തരത്തിൽ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ അഭിപ്രായം ആവശ്യമുള്ളതടക്കം, 2024 – ഡിസംബർ മാസംവരെ ആരോഗ്യ കുടുംബക്ഷേമ (ജി) വകുപ്പിൽ 895 ഫയലുകൾ പരിശോധനയുടെ വിവിധ ഘട്ടങ്ങളിലായി പരിഗണനയിലുണ്ട്. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽ 2024 – ഡിസംബർ മാസം വരെ 273 അപേക്ഷകൾ പരിഗണനയിലുണ്ട്. വിവിധ വകുപ്പുകളിൽ നിന്നും KGSMA ചട്ടപ്രകാരമുള്ള അഭിപ്രായത്തിനായി ലഭ്യമാക്കുന്ന ഫയലുകൾ, ആരോഗ്യ വകുപ്പിൽ പരിഗണനയ്ക്ക് എത്തുന്ന ക്രമത്തിലാണ് പരിശോധിച്ച് വരുന്നത്. ഗുരുതര രോഗാവസ്ഥ കണക്കിലെടുത്ത് അടിയന്തിര പ്രാധാന്യം അർഹിക്കുന്ന കേസുകൾ മുൻഗണനാ ക്രമത്തിൽ പരിശോധിച്ച് വരുന്നുണ്ട്. മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് അപേക്ഷകൾ ഓൺലൈനായി കൈകാര്യം ചെയ്യുന്ന വിഷയം സർക്കാർ പരിശോധിച്ച് വരുന്നു. |
| (ബി) | സംസ്ഥാനത്ത് എത്ര മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് ഫയലുകൾ തീർപ്പാക്കാനായി കെട്ടിക്കിടക്കുന്നുണ്ട് ; പ്രസ്തുത ഫയലുകൾ സീനിയോരിറ്റി പ്രകാരമാണോ തീർപ്പ് കല്പിക്കുന്നത് ; അല്ലെങ്കിൽ ഓൺലൈൻ സംവിധാനത്തിലൂടെ സീനിയോരിറ്റി പ്രകാരം തീർപ്പാക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ ; | (ബി) | മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് അപേക്ഷകളിൽ പ്രത്യേകാനുമതി / 1960 ലെ KGSMA ചട്ടങ്ങൾ പ്രകാരമുള്ള സ്പഷ്ടീകരണം എന്നിവ ആവശ്യമുള്ള ഫയലുകൾ സർക്കാരിലെ വിവിധ ഭരണ വകുപ്പുകൾ ആരോഗ്യ വകുപ്പിന്റെ പരിഗണനക്കായി അയച്ചു നൽകുന്നുണ്ട്. ഇത്തരത്തിൽ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ അഭിപ്രായം ആവശ്യമുള്ളതടക്കം, 2024 – ഡിസംബർ മാസംവരെ ആരോഗ്യ കുടുംബക്ഷേമ (ജി) വകുപ്പിൽ 895 ഫയലുകൾ പരിശോധനയുടെ വിവിധ ഘട്ടങ്ങളിലായി |

| | | | |
|---|---|---|---|
| | | | പരിഗണനയിലുണ്ട്. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽ 2024 – ഡിസംബർ മാസം വരെ 273 അപേക്ഷകൾ പരിഗണനയിലുണ്ട്. വിവിധ വകുപ്പുകളിൽ നിന്നും KGSMA ചട്ടപ്രകാരമുള്ള അഭിപ്രായത്തിനായി ലഭ്യമാക്കുന്ന ഫയലുകൾ, ആരോഗ്യ വകുപ്പിൽ പരിഗണനയ്ക്ക് എത്തുന്ന ക്രമത്തിലാണ് പരിശോധിച്ച് വരുന്നത്. ഗുരുതര രോഗാവസ്ഥ കണക്കിലെടുത്ത് അടിയന്തിര പ്രാധാന്യം അർഹിക്കുന്ന കേസുകൾ മുൻഗണനാ ക്രമത്തിൽ പരിശോധിച്ച് വരുന്നുണ്ട്. മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് അപേക്ഷകൾ ഓൺലൈനായി കൈകാര്യം ചെയ്യുന്ന വിഷയം സർക്കാർ പരിശോധിച്ച് വരുന്നു. |
| (സി) | സംസ്ഥാനത്ത് എംപാനൽ ചെയ്തിരിക്കുന്ന ആശുപത്രികളിൽ ചികിത്സക്ക് ഇൻഷ്വറൻസ് കമ്പനിയിൽനിന്നും ലഭിച്ച തുക കൂടാതെ അധികമായി വരുന്ന തുക മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് വഴി ലഭിക്കാൻ പ്രസ്തുത ആശുപത്രികളിൽനിന്ന് ഓൺലൈൻ സംവിധാനത്തിലൂടെ തന്നെ ആരോഗ്യവകുപ്പിൽ ഇത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കി കാലതാമസം കൂടാതെ അധികതുക ജീവനക്കാരന് നൽകുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (സി) | സംസ്ഥാനത്ത് , 1960 ലെ KGSMA ചട്ടങ്ങൾ പ്രകാരം എംപാനൽ ചെയ്തിരിക്കുന്ന ആശുപത്രികളിൽ ചികിത്സയ്ക്ക്, ഇൻഷ്വറൻസ് കമ്പനിയിൽ നിന്നും ലഭിച്ച തുക കൂടാതെ, KGSMA ചട്ടങ്ങൾ പ്രകാരം മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് വഴി തുക അനുവദിയ്ക്കാൻ ലഭിക്കുന്ന അപേക്ഷകൾ പ്രസ്തുത തുകയുടെ അസ്സൽ ബില്ലുകളും, ഇൻഷ്വറൻസ് തുക കൈപ്പറ്റിയത് സംബന്ധിച്ചുള്ള സർട്ടിഫിക്കറ്റും ഉൾപ്പെടെ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് സമർപ്പിക്കുന്ന മുറയ്ക്ക് അപേക്ഷയിൽ അനുവദനീയ തുക ആരോഗ്യ വകുപ്പ് ഡയറക്ടർ രേഖപ്പെടുത്തി നൽകി വരുന്നു. ഓൺലൈൻ സംവിധാനം വഴി ഇത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. |
| (ഡി) | മെഡിസെപ്പ് നിലവിൽ വന്നതിനുശേഷം പുതുതായി മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് ഫയലുകൾ ആരോഗ്യവകുപ്പിൽ സ്വീകരിക്കുന്നുണ്ടോ; വിശദമാക്കാമോ? | (ഡി) | ഉണ്ട്. സർക്കാർ/സർക്കാർ അംഗീകൃത പ്രൈവറ്റ് ആശുപത്രികളിലെ ഒ.പി ചികിത്സ, മെഡിസെപ്പിന്റെ പരിധിയിൽപ്പെടാത്ത ആയുർവ്വേദ, ഹോമിയോപ്പതി തുടങ്ങിയ ചികിത്സകൾ, സർക്കാർ ആശുപത്രികളിലും KGSMA ചട്ടങ്ങൾ പ്രകാരം Empanel ചെയ്തിട്ടുള്ള സർക്കാരിതര ആശുപത്രികളിലും KGSMA ചട്ടങ്ങൾ പ്രകാരം അനുവദനീയമായതും എന്നാൽ മെഡിസെപ്പിലെ ചികിത്സാ പാക്കേജുകളിൽ ഉൾപ്പെട്ടിട്ടില്ലാത്തതുമായ കിടത്തി ചികിത്സകൾ, KGSMA ചട്ടപ്രകാരം എംപാനൽ ചെയ്തിട്ടുള്ളതും എന്നാൽ മെഡിസെപ്പിൽ ചേർന്നിട്ടില്ലാത്തതുമായ ആശുപത്രികളിൽ, 22/11/2024 മുൻപ് വരെ നടത്തിയ KGSMA ചട്ടപ്രകാരം അനുവദനീയമായ കിടത്തി ചികിത്സകൾ എന്നിവയ്ക്ക് 22.11.2024 ലെ സ.ഉ.(പി) 100/2024/ധന ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി KGSMA ചട്ട പ്രകാരമുള്ള മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് അപേക്ഷകൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ